ഭരണഭാഷ — മാതൃഭാഷ

നമ്പർ. ജി2/3497/റ്റി.സി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 13.02.2014

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— എം.വി.ഐ 35 ദിവസം വൈകി റിപ്പോർട്ട് നൽകിയത് സംബന്ധിച്ച്

സൂചന :-

പത്തനംതിട്ടയിൽ നടന്ന ഒരു അപകടത്തിന്റെ പരിശോധനാ റിപ്പോർട്ട് നൽകിയത് 35 ദിവസം കഴിഞ്ഞിട്ടാണ്. രണ്ട് ദിവസത്തിനകം നൽകേണ്ടിയിരുന്ന റിപ്പോർട്ട് 35 ദിവസത്തിനു ശേഷമാണ് നൽകിയത് എന്നു മാത്രമല്ല തെറ്റായ റിപ്പോർട്ടാണ് നൽകിയത്. ഇതിന്റെ വിശദീകരണം എം.വി.ഐ-യോട് ചോദിച്ചിട്ടുണ്ട്.

പ്രസ്തുത കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടതു ആവലാതിക്കാരൻ പറഞ്ഞാണ്. ഇതിൽ നിന്ന് എനിക്ക് മനസിലാകുന്നത് ഓഫീസർമാർ എന്തു ചെയ്യുന്നു എന്ന കാര്യം ആർ.ടി.ഓ മാർ വേണ്ട വിധം ശ്രദ്ധിക്കുന്നില്ല എന്നാണ്.

ഇനി മേലിൽ എം.വി.ഐ/എ.എം.വി.ഐ കൊടുക്കുന്ന അപകട പരിശോധനാ റിപ്പോർട്ടിൽ തെറ്റ് വരുത്തുകയോ, റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം വരുത്തുകയോ ചെയ്താൽ ആ സ്ഥലത്തെ ആർ.ടി.ഓ/എം.വി.ഐ/എ.എം.വി.ഐ എന്നിവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്
13/2/14
12/2/14